അക്കാദമിക
മാസ്റ്റർ പ്ലാൻ

# വെളിച്ചം

ഡോ. ബി. ആർ അംബേദ്കർ ഗവ. മോഡൽ
റെസിഡൻഷ്യൽ സ്കൂൾ (ഗേൾസ്)
മരുതോങ്കര

# ആമുഖം

കോഴിക്കോട് ജില്ലയിലെ തൊട്ടിൽപ്പാലത്തിനടുത്ത് മരുതോങ്കര ഗ്രാമപഞ്ചായത്തിലാണ് ഡോ. ബി. ആർ. അംബേദ്കർ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ഗേൾസ്) മരുതോങ്കര, സ്ഥിതി ചെയ്യുന്നത്. 5-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ് വരെയാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഒരേ ഒരു ഡിവിഷൻ മാത്രമാണ് സ്കൂളിനുള്ളത്. പട്ടികജാതി വികസന വകുപ്പിനു കീഴിൽ പെൺകുട്ടികളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു വിദ്യാലയമാണിത്.

പെൺകുട്ടികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികളും ഇവിടെ തന്നെ താമസിച്ചു പഠിക്കുന്നവരാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം സമൂഹത്തിന്റെ എല്ലാ തട്ടിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന വിദ്യാലയമാണിത്.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളു-മായിരുന്നു, പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കു-കയും ചെയ്യുന്നു.

സ്കൂൾ നടത്തിയ വികസന സെമിനാറിലെ ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളു-മായി ഈ അക്കാദമിക മാസ്റ്റർപ്ലാൻ മാറുമെന്ന് പ്രതീക്ഷിക്കാം പൊതുവിദ

# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : കോഴിക്കോട്
2. സ്കൂൾ കോഡ് : 103030
3. സ്കൂളിന്റെ പേര് : ഡോ. ബി. ആർ. അംബേദ്കർ ഗവ: മോഡൽ റസിഡൻഷ്യൽ സ്കൂൾ (ഗേൾസ്) മരുതോങ്കര.
4. മേൽവിലാസം : മൊയിലോത്തറ പി.ഒ<br>673513<br>കോഴിക്കോട് ജില്ല
5. പിൻകോഡ് : 673513
6. ഫോൺ നമ്പർ : 9645118719
7. ഇ-മെയിൽ അഡ്രസ് : gmr
8. ഗ്രാമ പഞ്ചായത്ത് : മരുതോങ്കര
9. വിദ്യാഭ്യാസ ജില്ല : വടകര
10. സബ് ജില്ല : കുന്നുമ്മൽ
11. ക്ലാസുകൾ : 5 മുതൽ 9 വരെ
12. മാനേജ്മെന്റ് : ഗവൺമെന്റ്
13. പഠനമാധ്യമം : ഇംഗ്ലീഷ്.

# സ്കൂൾ ചരിത്രം

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുവാൻ ലക്ഷ്യമിട്ട് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ സർക്കാർ സ്ഥാപിച്ച വിദ്യാലയങ്ങളിലൊന്നാണ് ഡോ. ബി. ആർ. അംബേദ്കർ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ഗേൾസ്), മരുതോങ്കര.

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ 10 ഏക്കർ ഭൂമിയിൽ, ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് പട്ടികജാതി വികസന വകുപ്പിന് കൈമാറിയ സ്ഥലത്ത് ഈ സ്കൂൾ സ്ഥാപിക്കപ്പെട്ടു. പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ആണ് കെട്ടിട സമുച്ചയം നിർമിച്ചത്.

സ്കൂൾ 2020-ൽ UP ക്ലാസുകളോടു കൂടി പ്രവർത്തനം ആരംഭിച്ചു. പിന്നീട് ഹൈസ്കൂൾ തലത്തിൽ ക്ലാസുകൾ ഉൾപ്പെടുത്തി. 2020 ഒക്ടോബർ 16ന് മുഖ്യമന്ത്രി ശ്രീ പിണറായി വിജയനാണ് ഈ സ്കൂൾ നാടിന് സമർപ്പിച്ചത്.

## ഭൗതിക സൗകര്യങ്ങൾ

* 2408 ച. മീറ്റർ വിസ്തൃതിയിൽ അക്കാദമിക് കം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്.
* 2426 ച. മീറ്റർ വിസ്തൃതിയിൽ വിശാലമായ ഡൈനിങ് ഹാളടക്കം 164 വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന ഹോസ്റ്റൽ കെട്ടിടം.
* 909 ച. മീറ്റർ വിസ്തൃതിയിൽ 12 സ്റ്റാഫ് ക്വാർട്ടേഴ്സുകളും.
* 206 ച. മീറ്ററിൽ കിച്ചൺ
* പാർശ്വഭിത്തികളും കല്ലുകളും ഉൾപ്പെടുന്ന റോഡ്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ വികസന ലക്ഷ്യങ്ങൾ :-

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലൈബ്രറി ശാക്തീകരണം
7. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
8. പഠനയാത്രകൾ
9. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
10. പ്രവൃത്തി പരിചയ പരിശീലനം
11. കലാ പരിപോഷണം
12. പച്ചക്കറിത്തോട്ടം
13. സാഹിത്യ ശില്പശാലകൾ
14. മെഡിക്കൽ ക്യാമ്പുകൾ
15. രക്തഗ്രൂപ്പ് നിർണയം
16. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
17. ഗവേഷണാത്മക പഠനം
18. കായികശേഷി വികസനം
19. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

൨൦. ചോദ്യപേപ്പർ ശില്പശാല

൨൧. ജന്മദിന പുസ്തകം

൨൨. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

൨൩. ഐ.ടി. പഠനം കാര്യക്ഷമമാക്കൽ

൨൪. ശാസ്ത്ര, ഗണിതശാസ്ത്ര, S.S, I.T പ്രവൃത്തി പരിചയ മേളകൾ

## സാമൂഹിക - നേട്ടങ്ങൾ

സ്കൂളുകളിലെ വൈവിധ്യമാർന്ന സന്നദ്ധ-സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹിക ശുചിത്വം, വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ - മാതൃകാപരമായി നടന്നുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചു പറ്റിയവയുമാണ്.

# പരിമിതികൾ

അഡ്മിഷൻ എടുക്കുന്ന കുട്ടികളുടെ എണ്ണം കൂടിവരുന്നുണ്ട് എങ്കിൽപോലും ക്ലാസ്മുറികളൊന്നും തന്നെ ഹൈടെക് നിലവാരത്തിലേക്ക് ഉയർന്നിട്ടില്ല എന്നത് ഒരു പ്രധാന പരിമിതിയായി തുടരുന്നു.

ഇപ്പോഴും ഐ.ടി ലാബും കമ്പ്യൂട്ടറും ഇല്ല എന്നുള്ളത് അടിയന്തരമായി പരിഹരിക്കേണ്ട പ്രശ്നങ്ങളാണ്. കായികവിദ്യാഭ്യാസം റസിഡൻഷ്യൽ സ്കൂളിൽ പഠനത്തിന്റെ അടിസ്ഥാനം മാത്രമല്ല, കുട്ടികളുടെ സമഗ്ര വികസനത്തിനും ശാരീരിക മാനസിക ആരോഗ്യത്തിനും നിർണായകമാണ്. നിലവിൽ ഈ സ്കൂളിന് ആവശ്യമായ സ്പോർട്സ് കിറ്റുകൾ ഇല്ല എന്നതു ഒരു കുറവാണ്.

മേഖല യു പി മലയാളം/ഹൈസ്കൂൾ മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | <u>എന്റെ അവധിക്കാലം:</u> പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ. |
| | <u>ഭാഷാകേളി:</u> അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ |
| | <u>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:</u> അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ. |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | <u>വാർത്താലോകത്തേക്ക്:</u> പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം | സാഹിത്യക്ലബ്ബ് |
| 3. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | <u>രംഗാവിഷ്കാരം.</u> പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | സ്കൂൾ. |
| 4. ഗ്രന്ഥശാലാനവീകരണം | ജന്മദിനത്തിൽ ഒരു പുസ്തകം ലൈബ്രറിയ്ക്ക് വർഗ്ഗീകരിച്ച് പുനഃക്രമീകരിക്കൽ | അക്കാദമിക് വർഷം | ലൈബ്രറി ചുമതലയുള്ള വ്യക്തി. |
| 5. മലയാള ഭാഷാ പ്രാവീണ്യം നേടൽ | കുട്ടികളുടെ സർഗ്ഗവൈഭവം കണ്ടെത്താൻ സൃഷ്ടികൾ എഴുതിക്കൽ | അക്കാദമിക് വർഷം | വിദ്യാരംഗം കലാസാഹിത്യ വേദി. |

മേഖല - ഹൈസ്കൂൾ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ, വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃ ഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരൻമാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു.<br>ഹിന്ദി തിയേറ്ററുകൾ സജ്ജീകരിക്കുക. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 3) വിവർത്തകർ വാർത്താ വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലിസാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ. |

മേഖല :- UP/HS സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സൗഹൃദപരമായ പ്രകൃതി ചിന്തനവും പരിസ്ഥിതിയോട് സ്നേഹവും വളർത്തുക. | • വൃക്ഷത്തൈകൾ നട്ട് പരിപാലിക്കൽ<br>• പച്ചക്കറിത്തോട്ടം<br>• മത്സ്യത്തോട്ടം | ജൂൺ | സയൻസ് ക്ലബ് |
| കുട്ടികളിൽ ശാസ്ത്രചിന്തയും അറിവ് നേടുന്ന മനോഭാവവും വളർത്തുക. | • സ്കൂളിലോ പരിസരത്തിലോ ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയ പരീക്ഷണങ്ങൾ നിർവ്വഹിക്കുന്നു.<br>• ശാസ്ത്ര വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചോദ്യോത്തര മത്സരം. (വിവിധ ദിനങ്ങളുമായി ബന്ധപ്പെട്ട്) | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ് |

12

| | | | |
|---|---|---|---|
| | ശാസ്ത്രദിന പ്രഭാഷണങ്ങൾ<br>• പ്രശസ്ത ശാസ്ത്രജ്ഞരുടെ ജീവിതം കണ്ടുപിടിത്തങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച നടത്തുക. | | സയൻസ് ക്ലബ് |
| | • ശാസ്ത്ര ചിത്രം / ചിത്രരചന ശാസ്ത്ര ചിത്രത്തിലൂടെ പ്രതിനിധാനം ചെയ്യാൻ മത്സരങ്ങൾ സംഘടിപ്പിക്കുക. | | സയൻസ് ക്ലബ് |
| ശാസ്ത്ര മേളകളിൽ സമഗ്രപങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | • ഓരോ ക്ലാസിനും ശാസ്ത്രമേളയുടെ മഹത്വം വിശദീകരിച്ച് വിദ്യാർത്ഥികളെ വിവിധ ജോലികൾക്ക് ചുമതലപ്പെടുത്തുക. (സംഘാടക സംഘം, അവതാരകർ) | | സയൻസ് ക്ലബ്, ക്ലാസ് അധ്യാപിക. |

| | | | |
|---|---|---|---|
| പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പിന്തുണ പരിശീലനം നൽകുക. | • ആശയങ്ങൾ വീണ്ടും വിശദീകരിക്കുകയും ആവശ്യമെങ്കിൽ സ്കൂൾ സമയത്തിന് പുറത്ത് പ്രത്യേക ക്ലാസുകൾ നൽകുക<br>• മനോ പരിശോധനയും കൗൺസിലിംഗും. | ആഴ്ചയിൽ രണ്ടു ദിവസം | |
| ശാസ്ത്രലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ | • പരീക്ഷണങ്ങൾക്കായി അത്യാവശ്യമായ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>• പ്രവർത്തന മുറി ക്രമീകരിക്കൽ.<br>• വൈദ്യുതിയും വെളിച്ചവും മെച്ചപ്പെടുത്തുക.<br>• ജൈവ ശാസ്ത്രത്തിന് പ്രത്യേക കോർണറുകൾ.<br>• പ്രദർശന ബോർഡുകൾ ഒരുക്കൽ | | സയൻസ് അധ്യാപിക. |

| | | | |
|---|---|---|---|
| | • ഉപകരണങ്ങളുടെ ലിസ്റ്റ് പ്രദർശിപ്പിക്കൽ | | |
| മോഡലുകൾ നിർമ്മിക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കൽ. | സന്ദർഭമനുസരിച്ച് | വിദ്യാർത്ഥിനികൾ |
| വിദ്യാർത്ഥി കേന്ദ്രീകൃത ശാസ്ത്ര മാസിക തയ്യാറാക്കൽ | • മാസിക സമിതി രൂപീകരിക്കൽ വിഷയങ്ങൾ തെരഞ്ഞെടുക്കുക.<br>• വിദ്യാർത്ഥികളിൽ നിന്നുള്ള സംഭാവനകൾ ശേഖരിക്കൽ.<br>• പ്രകാശനം<br>• മുൻനിര ലേഖനങ്ങൾക്ക് സമ്മാനങ്ങൾ നൽകൽ. | | വിദ്യാർത്ഥിനികൾ |

# ENGLISH

| Aim | Activities | Month | Responsible Person |
| --- | --- | --- | --- |
| To encourage <u>Listening & Speaking</u> Introducing different genres (fiction, non-fiction, poetry) Enhance vocabulary. Enhance listening skills. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>vocabulary games and exercises to build word ~~knowldge~~ knowledge. | June | English Teachers |
| To encourage <u>Reading</u> Develop basic reading, writing, listening and speaking skills. Cultivate effective Communication skills for various Contexts | Interactive Reading Circles:<br>Divide students into small groups and provide them with age-appropriate texts, such as short-stories or excerpts from novels.<br>Each group reads the assigned text together and discusses key elements like plot, characters, and themes | | |

| Aim | Activities | Month | Responsible Person |
|---|---|---|---|
| | Encourage students to take turns reading aloud and share their interpretations and reactions to the text<br>After discussions, each group presents a summary or analysis of their assigned text to the class.<br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories.<br>Debates and presentations for advanced speaking practices.<br>Expanding vocabulary with context clues from passage. | July | English Teacher |
| To develop writing skills introduce grammatical concepts such as parts of [illegible], speech and sentence structure. To [illegible] basic grammar [illegible]. | Improve sentence structure.<br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br>Projects and research assignments to foster critical thinking | | |

| Aim | Activities | Month | Responsible Person |
|---|---|---|---|
| Expand vocabulary through reading reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive etc | Focus on developing Paragraphs and essays. Teach persuasive writing techniques and argumentation.<br>Preparing and delivering speeches.<br>Listening to and analysing different media sources<br><br>Interactive grammar games.<br>Structured grammar lessons with examples and practices exercises.<br>Worksheets on parts of speech, Punctuation and sentence types. | August to December | English Club or Literature Club |
| Language Games, Puzzles and Activities | Integrated language games and activities to reinforce vocabulary, grammar and language skills in an engaging way.<br>For example: play word association games. | | English Teacher & Literature Club |

| Aim | Activities | Month | Responsible Person |
| --- | --- | --- | --- |
| Differentiation and support | Recognize and accomodate the diverse learning needs of students through differentiated instruction, including accomodations and modifications for specially abled students and gifted learners. Provide additional support and resources such as small-group instructions, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners. Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students interests and strengths. | Throughout the year | Literature Club |
| Assessment and Feedback | Design a range of assessment tasks and tools to measure students language proficiency, comprehension and writing skills, including formative and summative assessments. | | |

| Aim | Activities | Month | Responsible person |
|---|---|---|---|
| | Use variety of assessment methods such as quizzes, tests, essays, presentations, projects and performance tasks to assess different aspects of language learning.<br>Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.<br>Involve students in self-assessment and reflection activities to promote ownership of their learning process<br>Provide resources and tips for parents on how to support their child's literacy development at home, including book recommendations, reading strategies, and language enrichment activities | Throughout the year | English teacher |

## യു.പി / എച്ച് എസ് സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | സ്കൂൾ പാർലമെന്റ് രൂപീകരണം | വർഷത്തിൽ 1 തവണ | സോഷ്യൽ സയൻസ് അധ്യാപകർ, സ്കൂൾ പാർലമെന്റ് ഭാരവാഹികൾ |
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അറ്റ്ലസുകൾ, ഗ്ലോബ്, മാപ്പുകൾ എന്നിവ പ്രദർശിപ്പിക്കൽ | ആഴ്ചയിൽ 2 തവണ | സോഷ്യൽ സയൻസ് അധ്യാപകർ |
| സാമൂഹ്യശാസ്ത്ര - സയൻസ് മേളകൾ പ്രദർശനം | സോഷ്യൽ സയൻസ് കോർണറിൽ ബുള്ളറ്റിൻ ബോർഡ് സമകാലികങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് എഴുതൽ | സോഷ്യൽ സയൻസുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ദിവസങ്ങളിൽ | സോഷ്യൽ സയൻസ് ക്ലബ് |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ചരിത്ര സ്മാരകങ്ങൾ മ്യൂസിയങ്ങൾ തുടങ്ങിയവ സന്ദർശിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യ പ്രാധാന്യമുള്ള കേന്ദ്രങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | സോഷ്യൽ സയൻസ് അധ്യാപകർ |
| സമകാലിക വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കൽ | സമകാലിക വിഷയങ്ങളിൽ പ്രസംഗം, സംവാദം എന്നിവ സംഘടിപ്പിക്കൽ | ആഴ്ചയിൽ 1 തവണ | സോഷ്യൽ സയൻസ് ക്ലബ് |

UP/HS ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| 1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | ഗണിത ശില്പശാല<br>ആക്ടിവിറ്റിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടി മുത്തുകൾ ഫ്ലാഷ് കാർഡ്... ഉപയോഗിക്കുന്നു) | ജൂൺ | ഗണിത അധ്യാപകർ |
| 2) സൂക്ഷ്മമായ ഗണിത ശാസ്ത്ര പഠനവും കര ചലന ശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിതക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ് അംഗങ്ങളും. |
| 4) ഗണിതം ഉയർത്തൽ. | ഗണിത പാർക്ക് ഒരുക്കൽ<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയത്തിൽ ഒരു പാർക്ക് ഒരുക്കൽ സജ്ജമാക്കൽ. | ഒരു പ്രാവശ്യം. | ഗണിതക്ലബ് |
| 5) ഗണിത മേളയിൽ കുട്ടികളുടെ നൈപുണ്യം പ്രദർശിപ്പിക്കൽ. | ഗണിത മാഗസിൻ<br>കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ | ഒരു പ്രാവശ്യം | ഗണിതക്ലബ്. |

| | | | |
|---|---|---|---|
| 6) ആധുനികതയുടെ സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ ചതുഷ്കോണുകൾ, ത്രികോണം ഇവയുടെ പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക. |
| 7) ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്വിസ്<br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് മത്സരത്തിൽ ഭാഗമാക്കുന്നു. ചോദ്യാവലികൾ കണ്ടെത്തി. ക്വിസ്സ് മത്സര പ്രവർത്തനങ്ങൾ നടത്തുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഗണിത അധ്യാപികയും സമർത്ഥരായ കുട്ടികളും |

| | | | |
|---|---|---|---|
| 8) വിവിധ മേഖലകളുടെ വികസനം. | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ ചർച്ച ചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | അദ്ധ്യയന വർഷം | SRG. |

മേഖല : UP/HS പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വിദ്യാർത്ഥികളെ പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ച് ബോധവാന്മാരാക്കുക. | • വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. | ജൂൺ / ജൂലൈ | Eco club |
| സ്കൂൾ മുഴുവൻ മാലിന്യ മുക്തമായി നിലനിർത്തുന്ന പ്രവർത്തനം സജ്ജമാക്കൽ | • സ്കൂൾ പരിസരത്ത് പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ<br>• ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിക്കൽ<br>• 'ഏറ്റവും ശുചിത്വം പാലിക്കുന്ന ക്ലാസ്' തുടങ്ങിയ ഹെൽത്തി കോമ്പറ്റീഷൻസ് നടത്തുക. | | ശുചിത്വ ക്ലബ് |

| | | | |
|---|---|---|---|
| ശുചിത്വ ക്ലബ് രൂപീകരണം | വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയിൽ ബോധവാന്മാരാക്കുക | | ശുചിത്വ ക്ലബ് |
| നാട്ടുമരങ്ങളുടെ സംരക്ഷണം | മരങ്ങൾ സംരക്ഷിക്കാൻ വിദ്യാർത്ഥികൾ പങ്കാളികളാകുന്ന പരിപാടികൾ ആസൂത്രണം ചെയ്യുക. | | പരിസ്ഥിതി ക്ലബ് |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ചു വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനവു മായി സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | SRG |

## ഉപസംഹാരം

പ്രൊ: ബി. ആർ. അംബേദ്കർ ഗവ: മോഡൽ റെസിഡൻഷ്യൽ സ്കൂൾ (ഗേൾസ്) ന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധങ്ങളോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസംകൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ചരീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായംകൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉറച്ച വിശ്വാസവും ഞങ്ങൾക്കുണ്ട്.